# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 276** — **06/01/2014 ൽ മറുപടി നൽകേണ്ടിയിരുന്നത്**

## കടകംപള്ളി വില്ലേജിലെ ഭൂമി തട്ടിപ്പ് കേസ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം.എ.ബേബി<br>ശ്രീ.ബി.സത്യൻ<br>ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ.എം.ഹംസ** | **ശ്രീ.രമേശ് ചെന്നിത്തല,<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി.** |
| (എ) തണ്ടപ്പേരിൽ കൃത്രിമം കാണിച്ച് കടകം പള്ളി വില്ലേജിലെ ഭൂമി തട്ടിപ്പ് നടത്തിയ കേസിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തി ലാണ്; | (എ) കടകംപള്ളി വില്ലേജിലെ ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം (വി.ഇ. 04/13/റ്റി.വി.എം) തിരുവനന്തപുരം യൂണിറ്റ് ഓഫീസിൽ പൂർത്തിയാക്കുകയും അന്തിമ റിപ്പോർട്ടിൻെറ പകർപ്പ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിക്കുന്നതിന് 31.12.2013 ന് അന്വേഷണ ഉദ്യോഗസ്ഥനെ ചുമതല പ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| ( ബി ) കേസിലെ പ്രതിയുടെ ഫോൺ രേഖകൾ പിടിച്ചെടുക്കാൻ കഴിയുകയില്ലെന്ന് സർക്കാർ കോടതിയിൽ ബോധിപ്പിക്കുകയുണ്ടായോ; ഇതി ൻമേൽ കോടതി എന്തായിരുന്നു നിർദ്ദേശിച്ചിരിക്കുന്നത്; വിശദമാക്കുമോ ; | (ബി) ഫോൺ രേഖകൾ പിടിച്ചെടുക്കാൻ കഴിയുകയില്ലെന്ന് കോടതിയിൽ ബോധിപ്പിച്ചിട്ടില്ല. കടകംപള്ളി ഭൂമി കേസ് (റിട്ട് ഹർജി(സി)നം.19462/2013) കോടതിയിൽ ആദ്യമായി വന്ന ദിവസം സർക്കാർ അഭിഭാഷകൻ ഇക്കാര്യത്തെക്കുറിച്ച് പോലീസ് വകുപ്പിൻെറ നിർദ്ദേശം ലഭിക്കുന്നതിന് സമയം നൽകണമെന്ന് കോടതിയോട് ആവശ്യപ്പെട്ടു. എന്നാൽ അതിനു സാവകാശം നൽകാതെ ഹൈക്കോടതി സിംഗിൽ ബഞ്ച് ഫോൺ രേഖകൾ പിടിച്ചെടുക്കണമെന്ന ഉത്തരവ് പുറപ്പെടുവിക്കുകയായിരുന്നു. |
| ( സി ) കോടതിയെ ബോധിപ്പിക്കുന്നതിന് മുമ്പായി സർക്കാർ ഡി.ജി.പി. യുടേയോ വിജിലൻസ് ഡയറക്ടറുടേയോ അഭിപ്രായം തേടിയിട്ടുണ്ടായിരുന്നുവോ ; | (സി) ബി ചോദ്യത്തിന്റെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ബാധകമല്ല. |
| ( ഡി ) പ്രതി ശ്രീ.സലിംരാജിന്റെ കഴിഞ്ഞ രണ്ടു വർഷത്തെ ഫോൺവിളി സംബന്ധിച്ച പട്ടിക ഡി.ജി.പി. യുടെയും ഇന്റലിജൻസ് മേധാവി യുടെയും കൈവശമുണ്ടായിരുന്നുവോ; ഇക്കാ ര്യം കോടതിയിൽ മറച്ചുവച്ചത് ആരെയോ സംര ക്ഷിക്കാൻ ആണ് എന്ന തരത്തിൽ ആക്ഷേപം ഉണ്ടായിട്ടുണ്ടെന്ന കാര്യം അറിയാമോ; | (ഡി) ഇല്ല. ബാധകമല്ല. |
| ( ഇ ) മുഖ്യമന്ത്രിയുടെ മുൻ ഗൺമാൻ ശ്രീ.സലിംരാജ് മുഖ്യമന്ത്രിയായാണ് സംസ്ഥാ നത്ത് പ്രവർത്തിക്കുന്നതെന്ന് കേരള ഹൈക്കോടതി വിമർശിച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ഇ) ഇത്തരത്തിലൊരു വിമർശനം ഹൈക്കോടതിയുടെ ഒരു ഉത്തരവിലും ഉണ്ടായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**